Field Staff—Revenue Department—promotions from.

ചവ്വ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—

താഴെപറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ട് സദയം മറുപടി പറയുമൊ:—

(ക) റവന്യൂ ഡിപ്പാർട്ടമെണ്ടിലെ ഫീൽഡ് സ്റ്റാഫിൽനിന്ന് അതേ ഡിപ്പാർട്ടമെണ്ടിലെ മറു തസ്തികകളിലേക്ക ഉദ്യോഗക്കയറ്റം കൊടുക്കാറുണ്ടൊ;

(ഖ) ഉണ്ടെങ്കിൽ സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപീകരണത്തിന്നശേഷം ബോർഡിന്റെ നിയമനപരിധിയിൽപെട്ട ഏതെങ്കിലും തസ്തികയിൽ വില്ലേജ് ഉദ്യോഗസ്ഥന്മാരിൽനിന്ന ആരെയെങ്കിലും ക്ലർക്കുകനിക്ക്-ാം ൈ-ക്കുശേഷവും ക്ലർക്കുകം൦ം൨-ാംൈ- വരേയും നിയമിച്ചിട്ടുണ്ടൊ;

(ഗ) ഉണ്ടെങ്കിൽ അവർ ഓരോരുത്തരും ഏതേതു ജാതിയിൽപെട്ടവരാണ്;

(ഘ) അങ്ങിനെ ഉദ്യോഗക്കയറ്റം കൊടുക്കുന്നതിന്ന വല്ല പ്രത്യേക കാരണവുമുണ്ടൊ;

(ങ) ഉണ്ടെങ്കിൽ എന്തെല്ലാം?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.—

(ക) ചോദ്യം വ്യക്തമല്ല. ഫീൽഡ് സ്റ്റാഫ് എന്നതു വില്ലേജുദ്യോഗസ്ഥന്മാരെമാത്രം ഉദ്ദേശിച്ചാണ് ഉപയോഗിച്ചിട്ടുള്ളതു് എങ്കിൽ അവരെ ഡിപ്പാർട്ടമെണ്ടിലുള്ള മറു തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം കൊടുക്കുവാൻ പാടില്ലെന്ന ഗവമ്മെണ്ടു കല്പനയുണ്ട്.

(ഖ) ഉണ്ട്. കൊടുങ്ങല്ലൂർ എസ്റ്റേറു മേനോൻ ഈ രാമൻനായർ.

(ഗ) നായർ.

(ഘ) ഉണ്ട്.

(ങ) എസ്റ്റേറു മേനോന്റെ ജോലി മറു വില്ലേജു മേനോന്മാരുടേതിൽനിന്നും വ്യത്യസ്തപ്പെട്ടതും കൊടുങ്ങല്ലൂർ എസ്റ്റേറു് ഉദ്യോഗസ്ഥന്മാർ വില്ലേജു എസ്റ്റാബ്ലിഷ്മെണ്ടിൽ ഉൾപ്പെടാത്തവരും കൊടുങ്ങല്ലൂർ താലൂക്ക് എസ്റ്റാബ്ലിഷ്മെണ്ടിൽ ഉൾപ്പെട്ടവരുമായതിനാലും ഉദ്യോഗക്കയറ്റം കൊടുത്ത ആൾക്ക് ഒരു ക്ലാക്കിന്ന വേണ്ടതായ എല്ലാപരീക്ഷായോഗ്യതകളും ഉള്ളതിനാലും ബോർഡ് സ്ഥാപിക്കുന്നതിന്നുമുമ്പു പലപ്പോഴും ക്ലാക്കായി ആക്റ്റുചെയ്തിട്ടുള്ളതിനാലും അയാൾക്കുഗവമ്മെണ്ടിന്റെ പ്രത്യേക ഉത്തരവനുസരിച്ചു ഉദ്യോഗക്കയറ്റം കൊടുത്തതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly